**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 507** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ പ്രധാന വ്യാപാര വാണിജ്യ കേന്ദ്രങ്ങളായ ചെമ്പൂര്, കളിയക്കാവിള,പി.പി.എം. ജംഗ്ഷൻ എന്നിവിടങ്ങളിൽ കെ.എസ്.എഫ്.ഇ പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കളിയിക്കാവിള അല്ലെങ്കിൽ പാറശ്ശാല ഈവനിംഗ് ശാഖ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകിയിരുന്നു. അതുപ്രകാരം കളിയിക്കാവിളയ്ക്ക് 2 കിലോമീറ്റർ മാത്രം അകലെ പാറശ്ശാല ഈവനിംഗ് ശാഖ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചെമ്പൂര്, പി.പി.എം. ജംഗ്ഷൻ എന്നിവിടങ്ങളിൽ പുതിയ ശാഖ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചതിനെ തുടർന്ന് ബിസിനസ്സ് പ്രായോഗികത വിലയിരുത്തുന്നതിനായി തിരുവനന്തപുരം റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ പാറശ്ശാല മണ്ഡലത്തിൽ കെ.എസ്.എ.ഫ്.ഇ യുടെ എത്ര ബ്രാഞ്ചുകൾ പ്രവർത്തിച്ചുവരുന്നു എന്നുള്ള വിശദാംശം അറിയിക്കാമോ? | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ പാറശ്ശാല മെയിൻ, പാറശ്ശാല ഈവനിംഗ്, പെരുംകടവിള, കുന്നത്തുകാൽ, വെള്ളറട, കള്ളിക്കാട്, അമ്പൂരി, മണ്ഡപത്തിൻകടവ് എന്നീ 8 ശാഖകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ